LIBRARY ARCHIVES Kerala Legislative Assembly

കോവളം കൊട്ടാര കൈമാറ്റം

13 [176] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ കൊട്ടാരത്തിനു കീഴിലുണ്ടായിരുന്നതും ഇപ്പോൾ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ളതുമായ കോവളം കൊട്ടാരവും അതിനോടനുബന്ധിച്ച് ഹെക്ടർ കണക്കിനുള്ള സ്ഥലവും ഒരു സ്വകാര്യ ഹോട്ടൽ കമ്പനിക്ക് നൽകാനുള്ള നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ഈ കൊട്ടാരവും സ്ഥലവും സർക്കാർ ഉടമസ്ഥതയിൽതന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചില തർക്കങ്ങൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം നിയമവകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ചുവരികയാണ്.

കോവളം മാലിന്യ വിമുക്തമാക്കുന്നതിന് നടപടി

14 [177] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എൻ. ശക്തൻ:
,, പി. ടി. തോമസ്:
,, കെ. എ. ചന്ദ്രൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ മാലിന്യം ഒഴുകി എത്തുന്ന തോടുകളെ മാലിന്യ വിമുക്തമാക്കുവാൻ എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഇവ നടപ്പാക്കാത്തതെന്തുകൊണ്ടാണ്;

(സി) ഈ തോടുകളിൽ നിന്നുള്ള മലിനജലം പൈപ്പിൽകൂടി ഒഴുകി കോവളം തീരത്ത് ഒരു മാലിന്യക്കുളം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കുളം നികത്തി അവിടം ആകർഷകമാക്കുവാൻ പരിപാടിയുണ്ടോ?

ഉത്തരം

(എ ആന്റ് ബി) തോടുകളെ മാലിന്യ വിമുക്തമാക്കാൻ ടൂറിസം വകുപ്പ് പരിപാടികൾ ഒന്നുംതന്നെ നിലവിൽ ആവിഷ്ക്കരിച്ചിട്ടില്ല. തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല യാണ്. ഇക്കാര്യത്തിൽ ടൂറിസം വകുപ്പിന് മാത്രമായി ഒന്നും തന്നെ ചെയ്യാനില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വാഴാനി അണക്കെട്ടു പ്രദേശം വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

15 [178] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ വാഴാനി അണക്കെട്ട് പ്രദേശം ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കുമെന്ന പ്രഖ്യാപനത്തിനുശേഷം എന്തെല്ലാം തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി 2004-2005 സാമ്പത്തിക വർഷം എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) റോഡുവികസനം, പുന്തോട്ടത്തിന്റെ പുനഃസംവിധാനം, വിനോദ സഞ്ചാരികൾക്കാവശ്യമായ താമസ സൗകര്യങ്ങൾ, ജലാശയത്തിൽ ബോട്ടിംഗിനായുള്ള സൗകര്യങ്ങൾ, വനപ്രദേശത്തേയ്ക്കുള്ള ട്രക്കിങ്ങ് തുടങ്ങിയവ ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) തൃശ്ശൂർ ജില്ലയുടെ സമഗ്രവികസനത്തിന് വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. വാഴാനി അണക്കെട്ടിന്റെ സൗന്ദര്യ വൽക്കരണം മുതലായവ അതിൽ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ ലഭിക്കുന്ന മുറയ്ക്ക് വികസന പദ്ധതികൾക്ക് രൂപം നല്കാവുന്നതാണ്.

എൻ. എച്ച്. ബൈപാസ്സിൽ നിന്നും വേളിയിലേക്കുള്ള റോഡ് ടൂറിസം റോഡായി പുനരുദ്ധരിക്കുന്നതിന് നടപടി

16 [179] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ വേളിയിലേക്ക് പോകുന്ന എൻ. എച്ച്. ബൈപാസ്സിൽ നിന്നുള്ള റോഡ് ടൂറിസം റോഡായി പ്രഖ്യാപിച്ച് ആർ. ഐ. ഡി. എഫ് -ൽ ഉൾപ്പെടുത്തി പുനരുദ്ധീകരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly